(ബി) പ്രസ്തുത പഠനങ്ങൾക്ക് സർക്കാർ നൽകിയ ഗ്രാന്റ് 2010 മെയ് മാസത്തിൽ അവസാനിച്ചുവെന്ന് സ്മാരകം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഓരോ സ്ഥാപനത്തിന്റെയും പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടത് ആ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.

ചലച്ചിത്ര വ്യവസായം ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

91 (5262) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ വ്യവസായ തകർച്ചയ്ക്ക് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ചലച്ചിത്ര വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി എന്തൊക്കെ ചർച്ചകളാണ് സർക്കാർ നടത്തിയത് ;

(സി) വിവിധ സംഘടനകൾ നൽകിയ നിർദ്ദേശങ്ങളിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചത് ?

ഉത്തരം

(എ) സിനിമാ നിർമ്മാണ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ ചെയർമാനും കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി ചെയർമാൻ ശ്രീ. കെ. ആർ. മോഹനൻ കൺവീനറും, സാംസ്ക്കാരിക കാര്യവകുപ്പ് സെക്രട്ടറി ഡോ. വേണു വി. ഐ.എ.എസ്., തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് എന്നിവർ കമ്മിറ്റി മെമ്പറുമായി ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. 12-5-2010, 22-5-2010, 27-5-2010 ദിവസങ്ങളിൽ ഉന്നതതല കമ്മിറ്റി സംഘടനാ പ്രതിനിധികളുമായി പ്രശ്ന പരിഹാരങ്ങൾക്കുവേണ്ടി കൂടുകയുണ്ടായി. സംഘടനാ പ്രതിനിധികളുമായുള്ള ടി. കമ്മിറ്റിയിൽ എന്നോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. എളമരം കരീം, ശ്രീ. പാലോളി മുഹമ്മദ് കുട്ടി എന്നിവരും പങ്കെടുത്തിരുന്നു. സമിതിയുടെ നിർദ്ദേശങ്ങൾ ലഭിച്ചാലുടൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിനോദ നികുതി എടുത്തുകളയൽ, ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കൽ, കേരളാ സിനിമാട്ടോഗ്രാഫി റൂൾസ് പുതുക്കൽ, പ്രദർശനശാലയിലെ വൈദ്യുതി നിരക്ക് കുറയ്ക്കൽ, തിയേറ്ററുകൾ പുതുക്കി പണിയുമ്പോൾ കെട്ടിട നിർമ്മാണ നിയമത്തിൽ അയവുവരുത്തൽ, ഹോൾഡ് ഓവർ തുക, വൈഡ് റിലീസ് അന്യ ഭാഷാ ചിത്രങ്ങളുടെ റിലീസ് എന്നീ വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടത്.

(സി) നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതി പരിശോധിച്ച് വരികയാണ്. സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

92 (5263) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(ബി) ചലച്ചിത്ര വികസന കേർപ്പറേഷന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ ആസ്ഥാനങ്ങളിലാണ് സിനിമാ പ്രദർശനശാലകൾ പ്രവർത്തിക്കുന്നത് ;

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സിനിമാശാലകൾ നിർമ്മിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) ഈ വർഷം ഏതൊക്കെ ജില്ലകളിൽ ചലച്ചിത്രവികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പുതിയ സിനിമാശാലകൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചലച്ചിത്ര വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും പ്രദർശന ശാലകളുടെയും നവീകരണ പദ്ധതികൾക്കും പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(1) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായി ഒരു A/C ഷൂട്ടിംഗ് ഫ്ളോറിന്റെ പണി ദ്രുതഗതിയിൽ നടക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly